## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 207　　　　04.05.2017-ൽ മറുപടിയ്ക്ക്

# ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെയുള്ള പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **പ്രൊഫ.കെ.യു. അരുണൻ**<br>**ശ്രീ. എ. പ്രദീപ്കുമാർ**<br>**ശ്രീ. പി. ഉണ്ണി**<br>**ശ്രീ. ഡി.കെ. മുരളി** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) ഏതൊക്കെ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്കാണ് സഹായം നൽകുന്നതെന്ന് അറിയിക്കാമോ; | (എ) | ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) ചുവടെ പറയുന്ന മൂന്ന് പദ്ധതികൾ പ്രകാരമാണ് കേരളത്തിലെ സഹകരണ മേഖലയിൽ ധനസഹായം നൽകിവരുന്നത്.<br><br>1) പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, മൊത്ത വ്യാപാര സ്റ്റോറുകൾ/ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള ധനസഹായം<br><br>2) പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുകൾക്കുമുള്ള സഹായം<br><br>3) സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി)<br><br>പ്രസ്തുത പദ്ധതികൾ പ്രകാരം ചുവടെ പറയും പ്രകാരമുള്ള ധനസഹായങ്ങളാണ് നൽകിവരുന്നത്:-<br><br>• ഉപഭോക്തൃ ഫെഡറേഷൻ, മൊത്ത വ്യാപാര സ്റ്റോർ, ഉപഭോക്തൃ പരിപാടികൾ നടത്തുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുമുള്ള സഹായം |

| | | | |
|---|---|---|---|
| | | | • നീതി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ ഇവ ഏറ്റെടുത്തു നടത്തുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുമുള്ള സഹായം<br>• സംസ്കരണ പരിപാടികളിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സംഘങ്ങൾക്ക് സഹായം, ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം<br>• സംസ്ഥാന/ജില്ല/പ്രാദേശികതല സഹകരണ സംഘങ്ങൾക്ക് മാർജിൻമണി<br>• സഹകരണമേഖലയിലെ ദുർബ്ബല കാർഷിക സംസ്കരണ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുള്ള ധനസഹായം<br>• പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള ധനസഹായം<br>• പട്ടിക ജാതി-പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്കും ഫെഡറേഷനും ധനസഹായം<br>• സഹകരണ ആശുപത്രികൾ, വനിതാ സഹകരണസംഘങ്ങൾ, സാഹിത്യ സഹകരണ സംഘങ്ങൾ തുടങ്ങിയ സേവന മേഖലയിലെ സഹകരണ സ്ഥാപനങ്ങൾക്ക് സഹായം<br>• ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് യന്ത്രങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള സഹായം<br>• ഗ്രാമീണ പാർപ്പിട പദ്ധതി, വൈദ്യുതീകരണം, ആരോഗ്യം, ആശുപത്രികൾ, ടൂറിസം, ഹോസ്പിറ്റാലിറ്റി എന്നിവയ്ക്ക് സഹായം<br>• കാർഷികമേഖലയിൽ പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിന് വായ്പ നൽകുന്നതിന് സഹകരണ സംഘങ്ങൾക്ക് സഹായം<br>• സംഭരണ ശാലകൾ നിർമ്മിക്കുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സഹായം |

| | | | |
|---|---|---|---|
| | | | • സംസ്ഥാന/ജില്ലാ/പ്രാദേശിക തലത്തിലുള്ള മറ്റു സഹകരണ സംഘങ്ങൾക്കും ഫെഡറേഷനും മാർജിൻമണി സഹായം<br>• വിപണന സംഘങ്ങൾക്ക് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് സഹായം<br>• പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും ദുർബല വിപണന സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുമുള്ള സഹായം<br>• സഹകരണ സംഘങ്ങളിൽ കർഷക സേവന കേന്ദ്രം സ്ഥാപിക്കുന്നതിന് സഹായം<br>• പുഷ്പകൃഷി നടത്തുന്ന സഹകരണ സംഘങ്ങൾക്ക് സഹായം<br>• കാർഷികോൽപ്പന്നങ്ങളുടെ ഗുണനിലവാരം, തരംതിരിക്കൽ, കമ്പോളത്തിന്റെ പശ്ചാത്തല സൗകര്യ വികസനം തുടങ്ങിയ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്ക് സഹായം<br>• മേൽ പരാമർശിച്ചവയ്ക്കു പുറമെ, തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി) നടപ്പിലാക്കുന്നതിനും ധനസഹായം നൽകി വരുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ സഹകരണ മേഖലയിൽ ഏതെല്ലാം പദ്ധതികൾക്ക് അനുമതി ലഭിക്കുകയും ഫണ്ട് ലഭിക്കുകയും ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ സഹകരണ മേഖലയിൽ ചുവടെ പറയും പ്രകാരമുള്ള പദ്ധതികൾക്ക് അനുമതി ലഭിക്കുകയും ഫണ്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട് :-<br>• നീതി സ്റ്റോർ/നീതി മെഡിക്കൽ സ്റ്റോർ നടത്തുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ധനസഹായം<br>• വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്ക് ധനസഹായം |

| | | | |
|---|---|---|---|
| | | | • സഹകരണ സംഘങ്ങളിൽ കർഷക സേവന കേന്ദ്രം സ്ഥാപിക്കുന്നതിന് ധനസഹായം<br>• പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സംഭരണ ശാലകൾ നിർമ്മിക്കുന്നതിന് ധനസഹായം<br>• ആശുപത്രി സഹകരണ സംഘങ്ങൾക്ക് ധനസഹായം<br>• ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് ധനസഹായം<br>• പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് പശ്ചാത്തല സൗകര്യ വികസനത്തിന് ധനസഹായം<br>• ദുർബല വിപണന സംഘങ്ങൾക്ക് പുനരുദ്ധാരണത്തിനുള്ള സഹായം<br>• സഹകരണ സംഘങ്ങൾ മുഖേന ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള സഹായം<br>• റീജിയണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ഓഫ് കേരള (റെയിഡ്കൊ)-യുടെ ആഭിമുഖ്യത്തിൽ അഗ്രോ ക്ലിനിക്ക്, അഗ്രി ബിസിനസ്സ് സെന്റർ, അഗ്രോ ബസാർ എന്നിവ ആരംഭിക്കുന്നതിന് സഹായം<br>• വിപണന സഹകരണ സംഘങ്ങൾക്കുള്ള സഹായം |
| (സി) | സംസ്ഥാനത്തെ കാർഷിക മേഖലയിലും ഗ്രാമീണ ഉത്പാദന മേഖലയിലും ഉപഭോക്തൃ മേഖലയിലും സഹായം നേടിയെടുക്കാനായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാന ധനസഹായ പദ്ധതികൾക്കു പരിയായി ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെ സംസ്ഥാനത്തെ കാർഷിക മേഖലയിലും ഗ്രാമീണ ഉത്പാദന മേഖലയിലും ഉപഭോക്തൃമേഖലയിലും സഹായം നേടിയെടുക്കുന്നതിനായി പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, മൊത്തവ്യാപാര സ്റ്റോറുകൾ/ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള ധനസഹായ പദ്ധതികൾക്കും പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുകൾക്കുമുള്ള ധനസഹായ പദ്ധതികൾക്കും അപേക്ഷ സമർപ്പിച്ച് അംഗീകാരം നേടിയിട്ടുണ്ട്. അതിനുപുറമെ ചുവടെ |

| | | | |
|---|---|---|---|
| | | | പ്രതിപാദിക്കുന്ന പദ്ധതികൾക്കും അപേക്ഷ സമർപ്പിച്ച് അംഗീകാരം നേടിയിട്ടുള്ളതാണ്.<br><br>• 2017-18 സാമ്പത്തിക വർഷത്തിൽ പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി) പ്രകാരം കാർഷിക മേഖലയിലും ഗ്രാമീണ ഉത്പാദന മേഖലയിലും ഉപഭോക്തൃ മേഖലയിലും സഹായം നേടിയെടുക്കുന്നതിനായി പദ്ധതികൾ സമർപ്പിക്കുകയും അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>• സംയോജിത സഹകരണ വികസന പദ്ധതി 2-ാം ഘട്ടം നടപ്പിലാക്കി വരുന്ന ഇടുക്കി ജില്ലയിലും ടി മേഖലകളിലുള്ള വികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾ സമർപ്പിച്ച് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>• റീജിയണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ഓഫ് കേരള (റെയിഡ്കൊ)-യുടെ ആഭിമുഖ്യത്തിൽ അഗ്രോ ക്ലിനിക്ക്, അഗ്രി ബിസിനസ്സ് സെന്റർ, അഗ്രോ ബസാർ എന്നിവ ആരംഭിച്ച് തുടർ പ്രവർത്തനം നടത്തുന്നതിലേക്കായുള്ള പദ്ധതി സമർപ്പിച്ചിട്ടുണ്ട്. NCDC യുടെ അംഗീകാരം ലഭ്യമാക്കുകയും ആദ്യ ഗഡു ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ